# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 13.09.2023മുതൽ 17.09.2023വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ- 73/2023 | തീയ്യതി: 12/09/2023 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 152.8 | 30.2. – 32.1 | 23.2 – 24.5 | 80 – 96 | 00 - 04 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 13-09-2023 | 14-09-2023 | 15-09-2023 | 16-09-2023 | 17-09-2023 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 20 | 10 | 9 | 8 | 20 |
| കൂടിയതാപനില, °C | 30 | 32 | 32 | 32 | 32 |
| കുറഞ്ഞതാപനില, °C | 24 | 25 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 95 | 93 | 96 | 96 | 97 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 80 | 78 | 80 | 82 | 85 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 3 | 3 | 3 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 290 | 270 | 270 | 290 |
| മേഘവിന്യാസം, ഒക്ടാ | 6 | 6 | 7 | 7 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ**** | | |
| | വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്തയാഴ്ചയും മഴ ലഭിക്കാൻ സാധ്യതയുണ്ട്<br>ഉയർന്ന അന്തരീക്ഷ ആർദ്രതയും സാധാരണമായ അന്തരീക്ഷ ഊഷ്മാവും അനുഭവപ്പെടും. ആകാശം മേഘാവൃതമായിരിക്കും.<br>സെപ്റ്റംബർ 12 മുതൽ 16 വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തികുറഞ്ഞ മഴ(ഇരുപത്തിനാലുമണിക്കൂറിൽ (15.6 മില്ലിമുതൽ 64.4 മില്ലിവരെ) ലഭിക്കും. | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | ലഭ്യമാകുന്ന വെള്ളം പാടങ്ങളിൽ കെട്ടി നിർത്തുക.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം, കാലിത്തീറ്റ/കോഴിത്തീറ്റ എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br>വളമിടുക, വിതയ്ക്കുക, നടീൽ തുടങ്ങിയ കാർഷികവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്നത് വരെ കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക.<br>മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി തളിക്കുക.കീടനാശിനി മഴവെള്ളത്തിൽ ഒലിച്ചു പോവാതിരിക്കാൻ പശ കൂട്ടിച്ചേർത്ത് പ്രയോഗിക്കാൻ ശ്രദ്ധിക്കുക. | | |
| നെല്ല് | വൈകി വിതച്ച ഒന്നാം വിള വിളയുന്ന ഘട്ടം | പാടങ്ങളിൽ നിന്ന് വെള്ളം പൂർണമായും വാർത്തു കളയുക | |
| നെല്ല് | രണ്ടാം വിള<br>പറിച്ചു നടുന്ന ഘട്ടം | ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി)20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ(ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും.<br>മഴയില്ലാത്ത നേരത്തു വെള്ളം താഴ്ത്തി, പാടവരമ്പിലെ ജല നിർഗമന നാളികൾ അടച്ചതിനു ശേഷം, വളം ചെയ്യുക.<br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം ചേർത്ത് കൊടുക്കണം. | |
| നെല്ല് | വിവിധ ഘട്ടം | ബാക്റ്റീരിയൽ ഇല കരച്ചിൽ/അഴുകൽ | ബ്ലീച്ചിംഗ് പൗഡർ നിറച്ച സുഷിരങ്ങളുള്ള തുണിസഞ്ചികൾ വയലിലേക്ക് വെള്ളം കയറുന്ന (പാടവരമ്പിലെ) നാഴികളിൽ നിക്ഷേപിക്കുക. |
| തെങ്ങ് | പുതുതായി നട്ട തൈകൾ | തൈക്കുഴികളിൽ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് കൂമ്പു ചീയലും | തൈകൾ നട്ട കുഴികളിൽ വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്, കുഴികളിൽ ഒഴുകുന്ന വെള്ളം ശേഖരിക്കപ്പെടുന്നത് തടയുക.<br>കനത്ത മഴ നിലയ്ക്കുന്നത് വരെ വളപ്രയോഗം നീട്ടിവെക്കുക, ഉഴുതുമറിക്കൽ പോലുള്ള കാർഷിക പ്രവർത്തനങ്ങൾ മാറ്റിവയ്ക്കുക.<br>1. കനത്ത മഴ നിലച്ചതിനു ശേഷം ഉടൻ തന്നെ 1% ബോർഡോ മിശ്രിതം പശ കൂട്ടി ചേർത്ത് തൈകളുടെ ഇലകളിലും വളരുന്ന കൂമ്പുകളിലും തളിക്കുക,<br>2. കുഴികളിൽ വെള്ളം ട്ടിനിൽക്കുകയാണെങ്കിൽ, മഴ കുറഞ്ഞാൽ ഉടൻ തന്നെ വറ്റിച്ച് മണ്ണ് ഇളക്കി വായുസഞ്ചാരം നൽകുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ  | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | വളർച്ചയുടെ വിവിധ ഘട്ടങ്ങൾ | വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന വള്ളി ചീച്ചലും | താഴെ വീണുകിടക്കുന്ന ഇലകളും അഴുകിയ സസ്യ ഭാഗങ്ങളും നീക്കം ചെയ്തു തോട്ടത്തിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. മഴ നിൽക്കുന്ന മുറയ്ക്ക് വള്ളികളുടെ ചുവട്ടിൽ മണ്ണ് കയറ്റിക്കൊടുത്തു വേരുകൾ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി 1% വീര്യത്തിൽ ബോഡോമിശ്രിതം തയ്യാറാക്കി മണ്ണിൽ കുതിർക്കുകയും ഇലയിലും വള്ളിയുടെ അഗ്ര മുകുളങ്ങളിലും തളിക്കുക |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വളർച്ചയുടെ വിവിധ ഘട്ടങ്ങൾ | കാറ്റത്തു മറിഞ്ഞു വീഴുക/ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന ചീച്ചലും | താങ്ങുകൾ നൽകുക ചുവടിളക്കി മണ്ണ് കയറ്റിക്കൊടുത്തു വേരുകൾ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി ഒരു ലിറ്റർ വെള്ളത്തിന് 2g കോപ്പർ ഓക്സീ ക്ലോറൈഡ് വീതം കലർത്തി തയ്യാറാക്കിയ ലായനി വാഴ ചുവട്ടിൽ മണ്ണിൽ കുതിർക്കുക. |

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസെബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| ഇഞ്ചി/മഞ്ഞൾ | വിവിധ ഘട്ടങ്ങൾ | വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന ചീച്ചലും | ചീച്ചൽ രോഗം തടയാനായി മഴ നിന്ന ഉടനെ 1% വീര്യത്തിൽ ബോഡോമിശ്രിതം തയ്യാറാക്കി മണ്ണിൽ കുതിർക്കുക. |
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. |
| പച്ചക്കറികൾ | വളർച്ചയുടെ വിവിധ ഘട്ടങ്ങൾ | കാറ്റത്തു മറിഞ്ഞു വീഴുക/ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് ഉണ്ടായേക്കാവുന്ന ചീച്ചലും | താങ്ങുകൾ നൽകുക. ചുവടിളക്കി മണ്ണ് കയറ്റിക്കൊടുത്തു വേരുകൾ ആവരണം ചെയ്യുക. ചീച്ചാൽ രോഗം തടയാനായി ഒരു ലിറ്റർ വെള്ളത്തിന് 2g കോപ്പർ ഓക്സി ക്ലോറൈഡ് വീതം കലർത്തി തയ്യാറാക്കിയ ലായനി ചുവടിലെ മണ്ണിൽ കുതിർക്കുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി